## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 44 — 07-01-2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തോമസ് ഉണ്ണിയാടൻ:<br>ശ്രീ.മോൻസ് ജോസഫ് :<br>ശ്രീ.സി.എഫ്.തോമസ് :<br>ശ്രീ.റ്റി.യു.കുരുവിള : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കുറെക്കൂടി വിപുലമായി നടപ്പിലാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | എ) കാരുണ്യ ചികിത്സാ പദ്ധതിയിൽ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾ, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും കൂടാതെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ തുടങ്ങിയവയിലും ചികിത്സ തേടുന്നവർക്ക് മാത്രമേ ധനസഹായം നല്കിയിരുന്നുള്ളൂ. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കൾക്കു കൂടി ലഭ്യമാകണമെന്ന ഉദ്ദേശത്തോടെ ചികിത്സാ പാക്കേജുകളും നിരക്കും അംഗീകരിച്ച് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിനകം സംസ്ഥാനത്തെ 60 സർക്കാരിതര ആശുപത്രികളും 28 ഡയാലിസിസ് സെന്ററുകളും പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ |

തയ്യാറായി വരുന്ന കൂടുതൽ സർക്കാരിതര ആശുപത്രികളെ വ്യവസ്ഥയനുസരിച്ച് പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

ആദ്യഘട്ടത്തിൽ കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ എന്നീ ചികിത്സകൾക്കാണ് ധനസഹായം നൽകിയിരുന്നത്. തുടർന്ന് ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്കും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. താലസീമിയ, സിക്കിൾസെൽ അനീമിയ, ഗുരുതരമായ മാനസിക രോഗം എന്നീ രോഗങ്ങൾക്കുള്ള ചികിത്സകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ശുപാർശ ചെയ്യുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നൽകിയ രോഗികൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സ കഴിഞ്ഞതിനുശേഷം തുടർ ചികിത്സയ്ക്കായി ധനസഹായം നല്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഹെൽത്ത് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

→

ബി) നിലവിൽ നല്കിവരുന്ന തുകകൾ വർദ്ധിപ്പിക്കുകയും കൂടുതൽ സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും, മാനസിക വൈകല്യമുള്ള രോഗികളെ പുനരധിവസിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ബി) കാരുണ്യ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ള കൂടുതൽ സ്വകാര്യ ആശുപത്രികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. എന്നാൽ നിലവിലുള്ള ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്നതും, മാനസിക വൈകല്യമുള്ള രോഗികളെ പുനരധിവസിപ്പിക്കുന്ന കാര്യവും പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**